വിവരാവകാശം / മറുപടി

നമ്പർ: G2-630/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 31.1.2019

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ആഷ്ലി.കെ.ബി
സ്കൂൾ ഓഫ് സോഷ്യൽ വർക്ക്
മരിയൻ കോളേജ്, കുട്ടിക്കാനം
പീരുമേട്, ഇടുക്കി-685531.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം പ്രകാരം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 9.1.19ലെ താങ്കളുടെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ ആവശ്യപ്പെട്ട മറുപടി ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ 16 ഗവ.വൃദ്ധസദനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിക്കുന്നുണ്ട്. വയോജനങ്ങൾക്കും ഡിമൻഷ്യാ രോഗികൾക്കുമായി പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനത്തിൽ ഡിമൻഷ്യാ രോഗികളുടെ പരിചരണ വുമായി ബന്ധപ്പെട്ട് Alzhimer's Related Disorders Society of India (ARDSI) എന്ന സന്നദ്ധസംഘടന നിയോഗിച്ചിട്ടുള്ള ഒരു Social Worker സേവമനുഷ്ഠിക്കുന്നുണ്ട്.
2. നിലവിൽ ARDSI നിയോഗിച്ചിരിക്കുന്നതും എടവനക്കാട് ഡിമെൻഷ്യ കെയർ സെന്ററിൽ (വൃദ്ധസദനത്തിൽ) സേവനമനുഷ്ഠിക്കുന്ന സോഷ്യൽ വർക്കറിന്റെ ശമ്പളം 22,000/- രൂപയാണ്.
3. ഒരു സോഷ്യൽ വർക്കർ എടവനക്കാട് ഡിമെൻഷ്യ കെയർ സെന്ററിൽ സേവനമനുഷ്ഠിക്കുന്നു. എന്നാൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ

*db@18*

അധികാരത്തോട് കൂടി പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ നിയമനം സംബന്ധിച്ച് ഈ കാര്യാലയത്തിൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതാണ്.

4. സോഷ്യൽ വർക്കർ എന്ന തസ്തിക ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ സൃഷ്ടിച്ചിട്ടില്ലാത്തതാണ്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, 5- ാം നില, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18